# ജമാഅത്ത് നമസ്കാരം ഇസ്ലാമിൽ

22/01/2021

بسم الله الرحمن الرحيم

- വിശ്വാസം സ്വീകരിച്ച് കഴിഞ്ഞാൽ അനുഷ്ഠാനപരമായി സ്വീകരിക്കേണ്ടുന്ന കർമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നമസ്കാരം.
- ഇന്ന് മുസ്ലിം സമൂഹത്തിൽ നമസ്കരിക്കുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും ചിലർ നിർബന്ധ നമസ്കാരങ്ങൾ ജമാഅത്തായി നമസ്കരിക്കുന്നില്ലെന്നുള്ളതൊരു വസ്തുതയാണ്.
- പുരുഷൻമാർ അഞ്ച് നേരത്തെ നമസ്കാരങ്ങൾ പള്ളിയിൽ വെച്ച് ജമാഅത്തായിട്ടാണ് നിർവ്വഹിക്കേണ്ടത്.

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَارْكَعُوا مَعَ الرَّاكِعِينَ (البقرة: ٤٣)

- ഇവിടെ നിങ്ങൾ നമസ്കാരം നിർവ്വഹിക്കുക എന്ന് പറഞ്ഞതിന് ശേഷം 'റുകൂഅ് ചെയ്യുന്നവരോടൊപ്പം റുകൂഅ് ചെയ്യുക' എന്ന് വീണ്ടും പറഞ്ഞതിൽ നിന്നും നമസ്കാരം ജമാഅത്തായിട്ടാണ് നിർവ്വഹിക്കേണ്ടതെന്ന് മനസ്സിലാക്കാം.
- ശത്രുക്കളോട് യുദ്ധം ചെയ്യുമ്പോൾ പോലും ജമാഅത്തായി നമസ്കരിക്കണമെന്നാണ് അല്ലാഹുവിന്റെ കൽപന. (സൂറത്തു നിസാഅ്)
- ജമാഅത്ത് നമസ്കാരത്തിന് ഒരു ഇളവ് ഉണ്ടായിരുന്നുവെങ്കിൽ യുദ്ധത്തിന്റെ സന്ദർഭത്തിൽ നൽകുമായിരുന്നു.
- നബി (സ്വ) നമസ്കാരവുമായി ബന്ധപ്പെട്ട് കൽപ്പിച്ച ഹദീസുകൾ പരിശോധിക്കുമ്പോൾ ജമാഅത്തായിട്ടാണ് നമസ്കാരം നിർവഹിക്കേണ്ടത് എന്നു കാണാൻ കഴിയും.

## ❖ ജമാഅത്ത് നമസ്കാരം നിർബന്ധം.

### 1. മാലിക്ബ്നു ഹുവൈരിസ് (റ)

عَنْ مَالِكِ بْنِ الْحُوَيْرِثِ، أَتَيْتُ النَّبِيَّ صلى الله عليه وسلم فِي نَفَرٍ مِنْ قَوْمِي فَأَقَمْنَا عِنْدَهُ عِشْرِينَ لَيْلَةً، وَكَانَ رَحِيمًا رَفِيقًا، فَلَمَّا رَأَى شَوْقَنَا إِلَى أَهَالِينَا قَالَ: ارْجِعُوا فَكُونُوا فِيهِمْ وَعَلِّمُوهُمْ وَصَلُّوا، فَإِذَا حَضَرَتِ الصَّلَاةُ فَلْيُؤَذِّنْ لَكُمْ أَحَدُكُمْ وَلْيَؤُمَّكُمْ أَكْبَرُكُمْ (بخاري)

ഹദീസിന്റെ അവസാന ഭാഗം പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക; നമസ്കാരം അനുഷ്ഠിക്കുകയും ചെയ്യുക. നമസ്കാരസമയമായാൽ നിങ്ങളിലൊരാൾ ബാങ്ക് കൊടുക്കുകയും നിങ്ങളിൽ വെച്ച് ഏറ്റവും വലിയവൻ നിങ്ങൾക്ക് ഇമാമായി നമസ്കരിക്കുകയും ചെയ്യട്ടെ. (ബുഖാരി)

**2. അബ്ദുല്ലാഹിബ്നു ഉമ്മു മക്തൂം.**

عَنِ ابْنِ أُمِّ مَكْتُومٍ، أَنَّهُ سَأَلَ النَّبِيَّ صلى الله عليه وسلم فَقَالَ يَا رَسُولَ اللَّهِ إِنِّي رَجُلٌ ضَرِيرُ الْبَصَرِ شَاسِعُ الدَّارِ وَلِي قَائِدٌ لاَ يُلاَئِمُنِي فَهَلْ لِي رُخْصَةٌ أَنْ أُصَلِّيَ فِي بَيْتِي قَالَ " هَلْ تَسْمَعُ النِّدَاءَ " . قَالَ نَعَمْ . قَالَ " لاَ أَجِدُ لَكَ رُخْصَةً (أبوداوود).

- ഇബ്നു ഉമ്മുമക്തൂം (റ) അന്ധനാണ്. അദ്ദേഹത്തിന് വഴി കാട്ടിയില്ല, വീട് വളരെ ദൂരെയാണ്, മാത്രവുമല്ല മദീനയിൽ ധാരാളം ഇഴജന്തുക്കളും, വന്യമൃഗങ്ങളുമുണ്ട്. അവ ആക്രമിക്കുമെന്ന് അദ്ദേഹം ഭയപ്പെടുകയും ചെയ്യുന്നു.
- ഇങ്ങനെ ഏകദേശം അഞ്ച് തടസ്സങ്ങൾ ഉണ്ടായിട്ട് പോലും നബി (സ്വ) അദ്ദേഹത്തോട് കൽപിക്കുന്നത് നീ ബാങ്ക് കേൾക്കുന്നുവെങ്കിൽ അതിന് ഉത്തരം നൽകി പള്ളിയിലേക്ക് വരണമെന്നാണ്.

**3. നബി(സ്വ) രോഗിയായി കിടന്നപ്പോഴും ജമാഅത്ത് നമസ്കാരം ഒഴിവാക്കിയിട്ടില്ല.**

قَالَتْ عَائِشَةُ لَمَّا ثَقُلَ النَّبِيُّ صلى الله عليه وسلم وَاشْتَدَّ وَجَعُهُ اسْتَأْذَنَ أَزْوَاجَهُ أَنْ يُمَرَّضَ فِي بَيْتِي فَأَذِنَّ لَهُ، فَخَرَجَ بَيْنَ رَجُلَيْنِ تَخُطُّ رِجْلاَهُ الأَرْضَ، وَكَانَ بَيْنَ الْعَبَّاسِ وَرَجُلٍ آخَرَ. قَالَ عُبَيْدُ اللَّهِ فَذَكَرْتُ ذَلِكَ لاِبْنِ عَبَّاسٍ مَا قَالَتْ عَائِشَةُ فَقَالَ لِي وَهَلْ تَدْرِي مَنِ الرَّجُلُ الَّذِي لَمْ تُسَمِّ عَائِشَةُ قُلْتُ لاَ. قَالَ هُوَ عَلِيُّ بْنُ أَبِي طَالِبٍ

നബി (സ്വ) ഇബ്നു അബ്ബാസ് (റ) വിന്റെയും അലി (റ) വിന്റെയും തോളിൽ തൂങ്ങി പള്ളിയിൽ പോയ സംഭവമാണ് മുകളിലെ ഹദീസിൽ വിവരിക്കുന്നത്.

**4. ജമാഅത്ത് നമസ്കരിക്കാൻ പോവാത്തവരോട് നബി (സ്വ) ക്കുള്ള രോഷം.**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: وَالَّذِي نَفْسِي بِيَدِهِ لَقَدْ هَمَمْتُ أَنْ آمُرَ بِحَطَبٍ فَيُحْطَبَ، ثُمَّ آمُرَ بِالصَّلاَةِ فَيُؤَذَّنَ لَهَا، ثُمَّ آمُرَ رَجُلاً فَيَؤُمَّ النَّاسَ، ثُمَّ أُخَالِفَ إِلَى رِجَالٍ فَأُحَرِّقَ عَلَيْهِمْ بُيُوتَهُمْ. (بخاري)

- വീട് കത്തിക്കാൻ കൽപ്പിച്ചാലോ എന്നു വിചാരിച്ചു.
- ഇന്നാണ് ഈ ആലോചന എങ്കിൽ നമ്മിൽ എത്ര പേരുടെ വീട് ബാക്കിയുണ്ടാവും.

**5. കാരണമില്ലാതെ ജമാഅത്ത് ഒഴിവാക്കിയാൽ നമസ്കാരമില്ല.**

مَنْ سَمِعَ النِّدَاءَ فَلَمْ يُجِبْ فَلَا صَلَاةَ لَهُ إِلَّا مِنْ عُذْرٍ

ഇബ്നു അബ്ബാസിൽ (റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും ബാങ്ക് കേട്ടാൽ മതിയായ കാരണം ഇല്ലാതിരുന്നിട്ടും അതിനായി (നമസ്കാരത്തിനായി) (പള്ളിയിലേക്ക്) വരുന്നില്ലായെങ്കിൽ അവന് നമസ്കാരമില്ല,' (ഇബ്നുമാജ)

- **ശൈഖുൽ ഇസ്‌ലാം മുഹമ്മദ് ബ്നു അബ്ദിൽ വഹാബ് رحمه الله പറഞ്ഞു:**

قال شيخ الإسلام محمد بن عبد الوهاب رحمه الله: قوله: {رِجَالٌ لا تُلْهِيهِمْ تِجَارَةٌ وَلا بَيْعٌ عَنْ ذِكْرِ اللَّهِ} يبيعون ويشترون، لكن إذا جاء أمر الله قدّموه (تفسير آيات من القرآن الكريم)

അല്ലാഹു പറയുന്നു: കച്ചവടമോ ഇടപാടുകളോ അല്ലാഹുവിനെക്കുറിച്ച സ്മരണയിൽ നിന്ന് തിരിച്ചുകളയാത്തവരായ ആളുകൾ- അവർ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു, എന്നാൽ അല്ലാഹുവിന്റെ കൽപ്പന മുന്നിൽ വന്നാൽ അതിന് പ്രാമുഖ്യം നൽകുന്നു.

6. ജമാഅത്ത് നമസ്കാരം ഉപേക്ഷിക്കുന്നത് കപട വിശ്വാസിയുടെ ലക്ഷണം

عَنْ أَبِي الأَحْوَصِ، قَالَ قَالَ عَبْدُ اللَّهِ لَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنِ الصَّلاَةِ إِلاَّ مُنَافِقٌ قَدْ عُلِمَ نِفَاقُهُ أَوْ مَرِيضٌ إِنْ كَانَ الْمَرِيضُ لَيَمْشِي بَيْنَ رَجُلَيْنِ حَتَّى يَأْتِيَ الصَّلاَةَ - وَقَالَ - إِنَّ رَسُولَ اللَّهِ صلى الله عليه وسلم عَلَّمَنَا سُنَنَ الْهُدَى وَإِنَّ مِنْ سُنَنِ الْهُدَى الصَّلاَةَ فِي الْمَسْجِدِ الَّذِي يُؤَذَّنُ فِيهِ .(مسلم)

- **ഇബ്നു മസ്ഊദ് (റ) പറഞ്ഞു;**

لَقَدْ رَأَيْتُنَا وَمَا يَتَخَلَّفُ عَنْهَا إِلَّا مُنَافِقٌ مَعْلُومُ النِّفَاقِ

മുനാഫിഖുകൾ അല്ലാതെ ജമാഅത്ത് നമസ്കാരത്തിൽ നിന്ന് പിന്തുന്നത് ഞങ്ങൾ കണ്ടിരുന്നില്ല.

- **ശൈഖ് ബ്നു ബാസ് – റഹിമഹുല്ലാഹ് – പറഞ്ഞു:**

قال العلامة ابن باز رحمه الله: فالواجب على المسلمين الصلاة مع الجماعة في المساجد، ومن تأخر بغير عذر شرعي فقد تشبه بالمنافقين . مجموع الفتاوى (١٢/٥٥)

പള്ളികളിൽ ജമാഅത്തോടൊപ്പമുള്ള നമസ്കാരം മുസ്‌ലീങ്ങൾക്ക് നിർബന്ധമാകുന്നു. മതപരമായ കാരണം കൂടാതെ അത് പിന്തിച്ചാൽ അവൻ കപടവിശ്വാസികളോട് സാദൃശ്യമുള്ളവനാണ്.

❖ ജമാഅത്ത് നമസ്കാരത്തിന്റെ പ്രതിഫലം.

1. ഇരുപത്തി ഏഴ് ഇരട്ടി പ്രതിഫലം

عَنْ عَبْدِ اللَّهِ بْنِ عُمَرَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: صَلاَةُ الْجَمَاعَةِ تَفْضُلُ صَلاَةَ الْفَذِّ بِسَبْعٍ وَعِشْرِينَ دَرَجَةً (بخاري)

2. ഇരുപത്തി അഞ്ച് ഇരട്ടി പ്രതിഫലം

عَنْ أَبِي هُرَيْرَةَ، رضى الله عنه عَنِ النَّبِيِّ صلى الله عليه وسلم قَالَ : فَضْلُ صَلاَةِ الْجَمِيعِ عَلَى صَلاَةِ الْوَاحِدِ خَمْسٌ وَعِشْرُونَ دَرَجَةً (بخاري)

3. പാപങ്ങൾ പൊറുക്കപ്പെടുന്നു

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : الْمُؤَذِّنُ يُغْفَرُ لَهُ مَدَى صَوْتِهِ وَيَشْهَدُ لَهُ كُلُّ رَطْبٍ وَيَابِسٍ وَشَاهِدُ الصَّلاَةِ يُكْتَبُ لَهُ خَمْسٌ وَعِشْرُونَ صَلاَةً وَيُكَفَّرُ عَنْهُ مَا بَيْنَهُمَا (أبوداوود)

- ബാങ്ക് കൊടുക്കുന്നവന് അവന്റെ ശബ്ദമെത്തുന്ന ദൂരത്തോളം (അവന്റെ പാപങ്ങൾ) പൊറുക്കപ്പെടുന്നു. ഉണങ്ങിയതും പച്ചയായതുമായ എല്ലാം അവന് സാക്ഷി നിൽക്കുന്നു.
- നമസ്കാരത്തിന് സാക്ഷിയായവന് (ജമാഅത്തിൽ പങ്കെടുത്തവന്) ഇരുപത്തിയഞ്ച് നമസ്കാരം (പ്രതിഫലമായി) എഴുതപ്പെടുന്നു. അവക്കിടയിലുള്ള (പാപങ്ങൾ) അവന് പൊറുക്കപ്പെടുകയും ചെയ്യുന്നു.

### 4. പദവികൾ ഉയരുന്നു.

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم :مَنْ تَطَهَّرَ فِي بَيْتِهِ ثُمَّ مَشَى إِلَى بَيْتٍ مِنْ بُيُوتِ اللَّهِ لِيَقْضِيَ فَرِيضَةً مِنْ فَرَائِضِ اللَّهِ كَانَتْ خَطْوَتَاهُ إِحْدَاهُمَا تَحُطُّ خَطِيئَةً وَالأُخْرَى تَرْفَعُ دَرَجَةً (مسلم)

ആരെങ്കിലും അല്ലാഹുവിനോടുള്ള നിർബന്ധ ബാധ്യതയായ നമസ്കാരം നിർവ്വഹിക്കുന്നതിനായി തന്റെ വീട്ടിൽ നിന്ന് വുളു ചെയ്ത് ശുദ്ധി വരുത്തി അല്ലാഹുവിന്റെ ഭവന ങ്ങളിൽ പെട്ട ഏതെങ്കിലും ഒരു പള്ളിയിലേക്ക് പുറപ്പെടുന്നപക്ഷം അവന്റെ കാലടികൾ വെക്കുന്നതിനനുസരിച്ച് ഓരോ പാപങ്ങൾ ഉതിർന്ന് പോകുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യാതിരിക്കില്ല.(മുസ്ലിം)

### 5. ഇശാ, സുബ്ഹ് ജമാഅത്ത് നമസ്കാരങ്ങൾക്ക് വമ്പിച്ച പ്രതിഫലം

عَنْ أَبِي هُرَيْرَةَ، قَالَ قَالَ النَّبِيُّ صلى الله عليه وسلم : لَيْسَ صَلاَةٌ أَثْقَلَ عَلَى الْمُنَافِقِينَ مِنَ الْفَجْرِ وَالْعِشَاءِ، وَلَوْ يَعْلَمُونَ مَا فِيهِمَا لأَتَوْهُمَا وَلَوْ حَبْوًا (بخاري)

مَنْ صَلَّى الْعِشَاءَ فِي جَمَاعَةٍ فَكَأَنَّمَا قَامَ نِصْفَ اللَّيْلِ وَمَنْ صَلَّى الصُّبْحَ فِي جَمَاعَةٍ فَكَأَنَّمَا صَلَّى اللَّيْلَ كُلَّهُ (مسلم)

### 6. പരലോകത്ത് പ്രകാശം ലഭിക്കുന്നു

عَنْ بُرَيْدَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ : بَشِّرِ الْمَشَّائِينَ فِي الظُّلَمِ إِلَى الْمَسَاجِدِ بِالنُّورِ التَّامِّ يَوْمَ الْقِيَامَةِ (أبوداوود)

നബി(സ്വ) പറഞ്ഞു : പള്ളിയിലേക്ക് ഇരുട്ടിൽ പോകുന്നവർക്ക് പരലോകത്ത് സമ്പൂർണ്ണ പ്രകാശം കൊണ്ട് സന്തോഷ വാർത്ത അറിയിക്കുക. (അബൂദാവൂദ്)

### 7. നിഫാഖിൽ നിന്നും രക്ഷ ലഭിക്കും.

عَنْ أَنَسِ بْنِ مَالِكٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ صَلَّى لِلَّهِ أَرْبَعِينَ يَوْمًا فِي جَمَاعَةٍ يُدْرِكُ التَّكْبِيرَةَ الْأُولَى كُتِبَتْ لَهُ بَرَاءَتَانِ بَرَاءَةٌ مِنْ النَّارِ وَبَرَاءَةٌ مِنْ النِّفَاقِ ) السلسلة الصحيحة)

### ❖ സലഫുകളും ജമാഅത്ത് നമസ്കാരവും

#### ✓ സഈദ്ബ്നു മുസയ്യബ് (റഹി)

قال سعيد بن المسيَّب: "ما أذَّن مؤذِّن منذ عشرين سنة إلَّا وأنا في المسجد"

ഇരുപത് വർഷമായി ഞാൻ പള്ളിയിൽ ഇല്ലാതെ മുഅദ്ദിൻ ബാങ്ക് കൊടുത്തിട്ടില്ല.

#### ✓ ശൈഖ് അബ്ദുറസാഖ് അൽ ബദർ പറയുന്നു:

എത്രയോ ആളുകൾക്ക് ഒരോ ദിവസവും ജമാഅത്ത് നിസ്കാരം നഷ്ടപ്പെടുന്നു, ആഴ്ച്ചയിൽ ഒന്നിലധികം ജമാഅത്തുകൾ നഷ്ടപ്പെടുന്നു. ഇവർ സലഫുകളിൽ നിന്ന് എത്ര മാത്രം വിദൂരത്താണ്.

#### ✓ മൈമൂൻ ഇബ്നു മിഹ്റാൻ (റഹി)

روي أن ميمون بن مِهران أتى المسجدَ، فقيل له: إنَّ الناس قد انصرفوا، فقال: "إنَّا لله وإنا إليه راجعون؛ لَفضل هذه الصلاة أحبُّ إليَّ من ولاية العراق

മൈമൂൻ ഇബ്നു മിഹ്റാൻ പള്ളിയിൽ വന്നപ്പോൾ അദ്ദേഹത്തോട് പറയപ്പെട്ടു. ആളുകൾ പിരിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു; إنَّا لله وإنا إليه راجعون ഈ നമസ്കാരത്തിന്റെ ശ്രേഷ്ഠതയാണ് ഇറാഖിന്റെ ഭരണാധികാരത്തെക്കാൾ എനിക്കിഷ്ടം.

### ❖ ജമാഅത്ത് നമസ്കാരവും നമ്മളും?

- ഇത്ര പ്രാധാന്യമുള്ള ജമാഅത്ത് നമസ്കാരത്തോട് നീതി പുലർത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?
  ജമാഅത്ത് നമസ്കാരം നഷ്ടപ്പെടുമ്പോൾ നമുക്ക് നിരാശ തോന്നാറുണ്ടോ?
- ജമാഅത്ത് നമസ്കാരം ഇതു വരെ തുടങ്ങാത്തവർ ആരംഭിക്കണം.
- രോഗം വരുമ്പോൾ ഡോക്ടറുടെ നിർദേശം കേൾക്കുന്ന നാം നമ്മുടെ റബ്ബിന്റെ കൽപ്പനകൾ ജീവിതത്തിൽ നില നിർത്താനുള്ള ഒരുക്കങ്ങൾ നടത്തുക.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.